പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 153 **26-10-2026-ൽ മറുപടിയ്ക്ക്**

പ്രകൃതി ദുരന്തങ്ങളും പ്രതിരോധവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എ. ഡി. തോമസ്

ശ്രീ. ടി. ജെ. വിനോദ്

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. സന്ദീപ് വാര്യർ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

(എ) കാലാവസ്ഥാ വ്യതിയാനങ്ങളും പ്രകൃതി ദുരന്തങ്ങളും ശാസ്ത്രീയമായി പ്രതിരോധിക്കാൻ പ്രഖ്യാപിക്കപ്പെട്ട കേരള പ്രളയ അതിജീവന ദൗത്യത്തെക്കുറിച്ച് വിശദമാക്കാമോ;

മറുപടി: സംസ്ഥാനത്തിന്റെ വികസനപദ്ധതികളിൽ ദുരന്ത ലഘൂകരണവും കാലാവസ്ഥാ പ്രതിരോധവും മുഖ്യധാരയിലാക്കുന്നതിനായി 2026-27 ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് 'കേരള ഡിസാസ്റ്റർ റെസിലിയൻസ് പ്രോഗ്രാം' (KDRP). ദുരന്തമുണ്ടായ ശേഷമുള്ള പ്രതികരണ സമീപനത്തിൽ നിന്ന് ദുരന്തസാധ്യതകൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് പ്രതിരോധിക്കുന്ന 'റെസിലിയൻസ് ബേസ്ഡ് ഡെവലപ്മെന്റ്' (Resilience-based Development) സമീപനത്തിലേക്കുള്ള മാറ്റമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

(ബി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രളയ സാധ്യതയുള്ള പ്രദേശങ്ങൾ നേരത്തെ കണ്ടെത്തി കൃത്യമായ മുന്നറിയിപ്പ് നൽകാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ;

മറുപടി: ഉപഗ്രഹാധിഷ്ഠിത വിവരങ്ങൾ, ജി.ഐ.എസ് (GIS), റിമോട്ട് സെൻസിംഗ്, റഡാർ, ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ, പ്രളയ മോഡലിങ് (Flood Modelling) തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകൾ വഴി പ്രളയസാധ്യത നേരത്തെ വിലയിരുത്താനും 'കവചം' (KaWaCHaM) സംവിധാനം, സൈറണുകൾ തുടങ്ങിയവ വഴി മുന്നറിയിപ്പുകൾ ജനങ്ങളിലെത്തിക്കാനും കഴിയുന്നു. ഭരണഘടനാപരമായി ദുരന്ത പ്രവചന ചുമതല കേന്ദ്ര ഏജൻസികൾക്കാണെങ്കിലും, ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും (SEOC) തദ്ദേശസ്ഥാപനങ്ങളും ചേർന്ന് സമയബന്ധിതമായി മുന്നറിയിപ്പുകൾ നൽകിവരുന്നുണ്ട്.

(സി) സംസ്ഥാനത്തുണ്ടാകുന്ന വിവിധതരം പ്രകൃതി ദുരന്തങ്ങളെ നേരിടാൻ ശാസ്ത്രീയമായ മുന്നൊരുക്കങ്ങൾ നടത്തുമോ; വിശദമാക്കുമോ?

മറുപടി: സമഗ്രവും ശാസ്ത്രീയവുമായ മുന്നൊരുക്കങ്ങൾ നടത്തിവരുന്നുണ്ട്. ഐ.ഐ.ടികൾ ഉൾപ്പെടെയുള്ള പ്രമുഖ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുമായി സഹകരിച്ച് മുന്നറിയിപ്പ് സംവിധാനങ്ങൾ നവീകരിക്കൽ, വെതർ സ്റ്റേഷനുകളും റഡാറുകളും സ്ഥാപിക്കൽ, ആശുപത്രി

സുരക്ഷാ പദ്ധതി (ഭദ്രം), നദീതടങ്ങളിലെ പ്രളയ-വരൾച്ചാ ലഘൂകരണ പഠനങ്ങൾ, വോളന്റിയർമാർക്കുള്ള വിദഗ്ധ പരിശീലനം തുടങ്ങിയ വിപുലമായ പദ്ധതികൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ